ഹയർസെക്കണ്ടറി വിദ്യാഭ്യാസ

ഡയറകട്റുടെ കാര്യാലയം

ഹൗസിങ് ബോർഡ് ബിൽഡിംഗ്

തിരുവനന്തപുരം-1

നംബർ. **ICT Cell/1771/2/HSE**/2017 15/07/2017

# പത്രക്കുറിപ്പ്

**വിഷയം: പ്ലസ്‌വൺ ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ് റിസൾട്ട് പ്രസിദ്ധീകരിച്ചു**

ഏകജാലക സംവിധാനത്തിൻെറ വിവിധ അലോട്ട്മെൻറുകളിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്കും അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്കും ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷിക്കാൻ ജൂലൈ 10 ന് വൈകിട്ട് 5 മണി വരെ അവസരം നൽകിയിരുന്നു. ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിനായി ആകെ ഉണ്ടായിരുന്ന 39,852 വേക്കൻസിയിൽ പരിഗണിക്കുന്നതിനായി ലഭിച്ച 1,01,374 അപേക്ഷകളിൽ 1,00,080 അപേക്ഷകൾ അലോട്ട്മെൻറിനായി പരിഗണിക്കുകയുണ്ടായി. സപ്ലിമെൻററി അലോട്ട്മെൻറിനായി അപേക്ഷിച്ചതിനുശേഷം മറ്റ് ക്വാട്ടകളിൽ പ്രവേശനം നേടിയ 607 അപേക്ഷകളും സ്കൂളുകളിൽ നിന്നും വെരിഫിക്കേഷൻ നടത്താത്ത 687 അപേക്ഷകളും സപ്ലിമെൻററി അലോട്ട്മെൻറിന് പരിഗണിച്ചിട്ടില്ല.. സംവരണ തത്വം അനുസരിച്ച് നിലവിൽ ഉണ്ടായിരുന്ന വേക്കൻസി ജില്ല ഒരു യൂണിറ്റായി പരിഗണിച്ച് വിവിധ കാറ്റഗറി സീറ്റുകളാക്കിയാണ് അലോട്ട്മെൻറിന് പരിഗണിച്ചിട്ടുള്ളത്. സപ്ലിമെൻററി അലോട്ട്മെൻറ് റിസൾട്ട് അഡ്മിഷൻ വെബ്സൈറ്റായ "www.hscap.kerala.gov.in" ലെ "SUPPLEMENTARY RESULTS" എന്ന ലിങ്കിലൂടെ പരിശോധിക്കാവുന്നതാണ്. അലോട്ട്മെൻറ് ലഭിക്കുന്നവർ പ്രസ്തുത ലിങ്കിലൂടെ ലഭിക്കുന്ന രണ്ടു പേജുള്ള അലോട്ട്മെൻറ് സ്ലിപ്പുമായി അലോട്ട്മെൻറ് ലഭിച്ച സ്കൂളിൽ **ജൂലൈ 17 ന് രാവിലെ 10 മണി മുതൽ ജൂലൈ 18** ന് വൈകിട്ട് 5 മണിക്ക് മുമ്പായി സ്ഥിരപ്രവേശനം നേടണമെന്ന് ഹയർസെക്കണ്ടറി ഡയറക്ടർ അറിയിച്ചു. രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറിനായി വേക്കൻസിയും മറ്റ് വിശദാംശങ്ങളും ജൂലൈ 20ന് അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**ഡയറക്ടർ-ഇൻ-ചാർജ്ജ്**